## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *264 — 09.07.2015-ൽ മറുപടിയ്ക്ക്

### റോഡ് വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**,, എം.ഹംസ**<br>**,, കെ.കെ.നാരായണൻ**<br>**ഡോ. കെ.ടി.ജലീൽ** | | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ റോഡ് വികസന പദ്ധതിയിൻ കീഴിൽ റോഡുകളുടെ പുനരുദ്ധാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എത്ര കിലോമീറ്റർ റോഡാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ഏതെല്ലാം ; | (ബി) | ഏകദേശം 1090 കി.മീ.റോഡുകളാണ് ഈ പദ്ധതിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഇവ സ്വകാര്യ പങ്കാളിത്തത്തോടെ നടത്താനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ സർക്കാർ വിഹിതം എത്ര ശതമാനമാണ് ; | (സി) | മൊത്തത്തിൽ 106.20 കി.മീ. നീളം വരുന്ന അഞ്ച് റോഡുകൾ സ്വകാര്യ പങ്കാളിത്തത്തോടെ, ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ പി.പി.പി./ ആന്യുറ്റി രീതിയിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് പദ്ധതിയുടെ അടങ്കൽ തുകയുടെ 20% നിർമ്മാണ കാലയളവിൽ Upfront payment ആയി നൽകുന്നതാണ്. കൂടാതെ ആന്യുറ്റി ആയി നൽകേണ്ട തുക 26 അർദ്ധവാർഷിക ആന്യുറ്റികളായി 13 വർഷം കൊണ്ട് 'കൺസഷനയർ'ക്ക് നൽകുന്നതാണ്. |
| (ഡി) | ഇത്തരത്തിൽ പുനരുദ്ധരിക്കുന്ന റോഡുകളുടെ ഉപയോഗത്തിന് ടോൾ നൽകേണ്ടി വരുമോ ; | (ഡി) | ഇല്ല. |

| | | |
|---|---|---|
| (ഇ) ഇത്തരത്തിൽ ടോൾ ഏർപ്പെടുത്തിയവയിൽ യാതൊരു നിയന്ത്രണവും ഇല്ലാതെ കാലങ്ങളോളം ടോൾ പിരിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; (എഫ്) ഈ സാഹചര്യത്തിൽ പൊതുജനത്തെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള നയം തിരുത്താൻ തയ്യാറാകുമോ ; | | **(ഇ) & (എഫ്) :** ബാധകമല്ല. |
| (ജി) പെട്രോളിയം ഉൽപന്നങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ നിന്ന് പിരിച്ചെടുത്ത തുക റോഡ് വികസനത്തിനായി ചെലവഴിച്ചിട്ടുണ്ടോ ? | (ജി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ മെഗാ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡ് വഴി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കുകയുണ്ടായി. പ്രസ്തുത ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പദ്ധതി (DFIP) നടപ്പിലാക്കുന്നതിന് ബജറ്റിൽ പ്രഖ്യാപിച്ച ഇന്ധന അധിക വിൽപന നികുതിയുടെ (ലിറ്ററിന് 1 രൂപാ നിരക്കിൽ ഏർപ്പെടുത്തിയത്) 50% തുക റോഡ് ഫണ്ട് ബോർഡിന് കൈമാറുന്നതിന് സ.ഉ.(കൈ) നം.112/15/TD തീയതി 30.06.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്